ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 31.05.2026

## പ്രധാനവാർത്തകൾ

1. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ മാധ്യമങ്ങൾക്ക് പ്രസക്തമായ പങ്കുണ്ടെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. കേരളത്തിലെത്തിയ ഉപരാഷ്ട്രപതിക്ക് ഊഷ്മള വരവേൽപ്.

2. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ ശക്തമായ ചൂട് നിലനിൽക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ സ്വയം ശ്രദ്ധിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജ്യോതിശാസ്ത്ര മേഖലയോടുള്ള ഭാരതത്തിൻറെ ആഭിമുഖ്യത്തെക്കുറിച്ചും മൻ കി ബാത്തിൽ പരാമർശം.

3. മധ്യവേനൽ അവധിക്ക് ശേഷം സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും. പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി.സതീശൻ തിരുവനന്തപുരത്ത് നിർവഹിക്കും.

4. മിൽമ പാലിന്റെ വില വർദ്ധന നാളെ മുതൽ പ്രാബല്യത്തിൽ. ലിറ്ററിന് നാല് രൂപയാണ് വർദ്ധന.

5. സംസ്ഥാനത്ത് മഴ കനക്കുന്നു. ആറ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് കിരീടപ്പോരാട്ടം. ഗുജറാത്ത് ടൈറ്റൻസ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും.

**&&&&&&&&&&&&&&&&&&**

<u>ഉപരാഷ്ട്രപതി- കോട്ടയം -ഇൻട്രോ</u>

വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ മാധ്യമങ്ങൾക്ക് പ്രസക്തമായ പങ്കുണ്ടെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. കോട്ടയത്ത് ദീപിക ദിനപത്രത്തിന്റെ 140-ാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. മികവുറ്റ സമൂഹത്തിന് രൂപം നൽകാൻ, എല്ലാ വിഭാഗം ജനങ്ങളുടെയും സംഭാവന ആവശ്യമാണെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

(വോയിസ്.......... )

ഒരു ദിവസത്തെ സന്ദർശനത്തിനായി കേരളത്തിലെത്തിയ ഉപരാഷ്ട്രപതിയെ, കൊച്ചി വിമാനത്താവളത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും, മുഖ്യമന്ത്രി വി.ഡി സതീശനും ചേർന്നാണ് സ്വീകരിച്ചത്. കണ്ണൂരിൽ രാജ്യസഭ എം.പി- സി. സദാനന്ദൻ മാസ്റ്റർ സംഘടിപ്പിച്ച സ്വകാര്യ ചടങ്ങിൽ അദ്ദേഹം ഇപ്പോൾ പങ്കെടുക്കുകയാണ്.

**&&&&&&&&&&&&&&&&&&**

<u>എംകെബി -ചൂട്</u>

രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ ശക്തമായ ചൂട് നിലനിൽക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ സ്വയം ശ്രദ്ധിക്കേണ്ടത് ഏറെ പ്രധാനമാണെന്ന് പ്രധാനമന്ത്രി

RNUTVPM

നരേന്ദ്രമോദി. മൻ കി ബാത്തിൻറെ 134-ാാം പതിപ്പിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുകയായിരുന്നു അദ്ദേഹം. വേനൽക്കാലത്ത് നാടൻ പാനീയങ്ങൾ ആസ്വദിക്കണമെന്നു പറഞ്ഞ പ്രധാനമന്ത്രി, ആം പന്ന, ലസ്സി, പാനകം, മോര്, സംഭാരം, ബേൽ പാന തുടങ്ങിയ നാടൻ പാനീയങ്ങളുടെ സവിശേഷതകളും വിശദീകരിച്ചു.

**&&&&&&&&&&&&&&&&&&**

<u>എംകെബി - ജ്യോതി (ഇൻട്രോ)</u>

ഭാരതം ജ്യോതിശാസ്ത്രത്തോട് എക്കാലവും പ്രത്യേക ആഭിമുഖ്യം പുലർത്തിയിരുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാത്തിൽ പറഞ്ഞു. വാന നിരീക്ഷണ സംഘങ്ങളുടെ ഭാഗമാകണമെന്ന് അദ്ദേഹം യുവജനങ്ങളോട് അഭ്യർത്ഥിച്ചു. രാത്രികാല നക്ഷത്ര നിരീക്ഷണ ക്യാമ്പുകളും പരിശീലന കളരികളും സംഘടിപ്പിക്കുന്ന തിരുവനന്തപുരത്തെ ആസ്ട്രോ കേരള എന്ന സ്ഥാപനത്തെക്കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ പ്രത്യേകം പരാമർശിച്ചു.

(ഹോൾഡ് വോയിസ്)

RNU TVPM

**&&&&&&&&&&&&&&&&&&**

<u>എംകെബി- സജി (ഇൻട്രോ)</u>

ജാർഖണ്ഡിലെ റാഞ്ചിയിൽ നടന്ന National Senior Athletics Federation Competition ൽ റെക്കോർഡ് നേട്ടം കൈവരിച്ച കായികതാരങ്ങൾക്ക് പ്രധാനമന്ത്രി അഭിനന്ദനം അറിയിച്ചു. ആലുവയിലെ നീന്തൽ ക്ലബ്ബിലൂടെ

ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെ 15,000-ത്തിലധികം പേരെ നീന്തൽ പരിശീലിപ്പിച്ച സജി വാളശേരിലിനെയും അദ്ദേഹം മൻകി ബാത്തിൽ അഭിനന്ദിച്ചു. പ്രധാനമന്ത്രിയുടെ വാക്കുകൾ പ്രചോദനം പകരുന്നതായി ശ്രീ സജി ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

__എംകെബി - ചെമ്പ്__

ഇന്ത്യയുടെ അമൂല്യമായ പൈതൃകം സംരക്ഷിക്കാൻ സർക്കാർ നിരന്തരം ശ്രമിക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ചോള കാലഘട്ടത്തിലെ പുരാതന ചെമ്പ് തകിടുകൾ ഭാരതത്തിന് തിരികെ ലഭിച്ചതിനെക്കുറിച്ചും അദ്ദേഹം മൻ കി ബാത്തിൽ പരാമർശിച്ചു. ചോള രാജവംശത്തിന്റെ നേട്ടങ്ങൾ വിവരിക്കുന്ന ചെമ്പ് തകിടുകൾ പ്രധാനമന്ത്രിയുടെ സന്ദർശനത്തിനിടെയാണ് നെതർലൻഡ്സ് കൈമാറിയത്. ഭാരതത്തിലെ ഓരോ ഗ്രാമത്തിലും നഗരത്തിലും നടക്കുന്ന പ്രചോദനാത്മകമായ ശ്രമങ്ങളെ തിരിച്ചറിയുകയും അഭിനന്ദിക്കുകയും വേണമെന്ന ആഹ്വാനത്തോടെയാണ് പ്രധാനമന്ത്രി മൻ കി ബാത്ത് അവസാനിപ്പിച്ചത്.

RNU TVPM

&&&&&&&&&&&&&&&&&&

__മന്ത്രിമാർ ചുമതല__

മന്ത്രിമാർക്ക് വിവിധ ജില്ലകളുടെ ചുമതല നൽകി സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പത്തനംതിട്ട ജില്ലയുടെ ചുമതല പി. സി വിഷ്ണുനാഥിനും, ഇടുക്കിയുടേത് അനൂപ് ജേക്കബിനും, കോഴിക്കോടിൻറെ ചുമതല എ.പി

അനിൽകുമാറിനും, കാസർഗോഡ് ജില്ലയുടേത് കെ.എം ഷാജിയ്ക്കുമാണ്. തിരുവനന്തപുരം- സി പി ജോൺ, കൊല്ലം- ഷിബു ബേബി ജോൺ, ആലപ്പുഴ- എം ലിജു, കോട്ടയം- മോൻസ് ജോസഫ്, എറണാകുളം- റോജി എം ജോൺ, തൃശൂർ- ഒ ജെ ജെനീഷ്, പാലക്കാട്- എൻ ഷംസുദ്ദീൻ, മലപ്പുറം- പി കെ ബഷീർ, വയനാട്- ടി സിദ്ധിഖ്, കണ്ണൂർ- സണ്ണി ജോസഫ് എന്നിങ്ങനെയാണ് മറ്റ് ജില്ലകളുടെ ചുമതല.

&&&&&&&&&&&&&&&&&&

<u>പ്രവേശനോത്സവം</u>

മധ്യവേനൽ അവധിക്ക് ശേഷം സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും. സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പട്ടം ഗവൺമെന്റ് മോഡൽ ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ മുഖ്യമന്ത്രി വി.ഡി.സതീശൻ നിർവഹിക്കും. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഇതോടൊപ്പം പ്രവേശനോത്സവം സംഘടിപ്പിക്കുന്നുണ്ട്.

RIU TVPM

&&&&&&&&&&&&&&&&&&

<u>സൈബർ സുരക്ഷാ പ്രതിജ്ഞ- കേരള പൊലീസ്</u>

സ്കൂൾ പ്രവേശനദിവസമായ നാളെ സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലെയും വിദ്യാർത്ഥികൾ സൈബർ സുരക്ഷാ പ്രതിജ്ഞയെടുക്കും. സൈബർ ലോകത്ത് കുട്ടികളെ സുരക്ഷിതരാക്കുന്നതിനുള്ള, കേരള പൊലീസ് സൈബർ വിഭാഗത്തിൻറെ കിഡ് ഗ്ലോവ്

പ്രോജക്റ്റ്, സംസ്ഥാനത്താകമാനം നടപ്പാക്കുന്നതിൻറെ ഭാഗമായാണിത്.

&&&&&&&&&&&&&&&&&&

<u>നിയമസഭ</u>

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൻറെ സമയക്രമത്തിൽ മാറ്റം. ജൂൺ 1 ന് സ്കൂൾ പ്രവേശനോത്സവം നടക്കുന്ന സാഹചര്യത്തിൽ, രണ്ടിനാണ് സമ്മേളനം പുനരാരംഭിക്കുക. ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പ് ചൊവ്വാഴ്ച നടക്കും. ഗവർണറുടെ നയപ്രഖ്യാപനത്തിനുമേലുള്ള നന്ദി പ്രമേയ ചർച്ചകൾ ജൂൺ 4 വരെ തുടരും..

&&&&&&&&&&&&&&&&&&

<u>മിൽമ</u>

മിൽമ പാലിന്റെ പുതുക്കിയ നിരക്ക് നാളെ മുതൽ പ്രാബല്യത്തിൽ. ലിറ്ററിന് 4 രൂപയാണ് വർധിക്കുക. വർധനയിൽ 3 രൂപ 35 പൈസ ക്ഷീരകർഷകർക്കും 25 പൈസ ക്ഷീര സഹകരണ സംഘങ്ങൾക്കും ലഭിക്കും. നിലവിലുള്ള പാൽ കവറുകളുടെ സ്റ്റോക്ക് തീരുന്നതുവരെ പുതുക്കിയ വില ഇതിൽ അച്ചടിക്കും.

&&&&&&&&&&&&&&&&&&

<u>ഇടുക്കി - ഇൻട്രോ</u>

ഇടുക്കിയിലെ വിനോദസഞ്ചാര കേന്ദ്രമായ ആനയാടിക്കുത്തിൽ സന്ദർശകരുടെ വൻ തിരക്ക്.

RNU TVPM

മഴയെത്തുടർന്ന് ജലസമൃദ്ധമായ വെള്ളച്ചാട്ടം കാണാൻ കുടുംബസമേതം എത്തുന്നവരുടെ എണ്ണം വർധിച്ചു.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയാറാക്കിയ റിപ്പോർട്ട്

(വോയിസ്)

&&&&&&&&&&&&&&&&&&

<u>ഐപിഎൽ</u>

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് കിരീടപ്പോരാട്ടം. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ നടക്കുന്ന ഫൈനലിൽ ഗുജറാത്ത് ടൈറ്റൻസ് നിലവിലെ ചാമ്പ്യന്മാരായ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും. രാത്രി 7:30-നാണ് മത്സരം ആരംഭിക്കുക.

RNI TVPM

&&&&&&&&&&&&&&&&&&

<u>കാലാവസ്ഥ</u>

സംസ്ഥാനത്ത് മഴ കനക്കുന്നു. കാലവർഷം കേരളത്തിൽ അടുത്ത 3 - 4 ദിവസങ്ങൾക്കുള്ളിൽ എത്തിച്ചേരുന്നതിന് അനുകൂല സാഹചര്യങ്ങൾ നിലനിൽക്കുന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കോട്ടയം, എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ 9 ജില്ലകളിലും, മറ്റന്നാൾ 10 ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. ബുധനാഴ്ച മുതൽ മഴ അതിശക്തമാകാൻ സാധ്യതയുള്ളതിനാൽ വിവിധ ജില്ലകളിൽ ഓറഞ്ച് ജാഗ്രത

നൽകി. കേരളം - ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**&&&&&&&&&&&&&&&&&&**

<u>താമരശ്ശേരി ചുരം</u>

കനത്ത മഴയെ തുടർന്ന് താമരശ്ശേരി ചുരത്തിൽ മരം വീണ് ഗതാഗതം തടസ്സപ്പെട്ടു. രണ്ടാം വളവിലാണ് മരം വീണത്.

**&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&**

**&&&**

RNU TVPM